ഉത്തരം

(എ) 16 വർഷം

(ബി) ഡ്രാഫ്സ്റ്റുമാൻ, സിവിൽ, സർവ്വേയർ, ഇലക്ട്രീഷ്യൻ, മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ, സ്റ്റെനോഗ്രാഫി (ഇംഗ്ലീഷ്) എന്നീ അഞ്ച് ട്രേഡുകൾ ഇപ്പോഴുണ്ട്.

(സി) 2000-2001 സാമ്പത്തികവർഷം കെട്ടിടം പണി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) പ്രസ്തുത കെട്ടിടം പണിയുടെ എസ്റ്റിമേറ്റ് തുക 320 ലക്ഷം രൂപയാണ്.

(ഇ) ബഡ്ജറ്റ് വിഹിതത്തിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

234 (2550) ഏവിയേഷൻ ട്രെയിനിംഗ് സെന്റർ ഏറ്റെടുക്കുന്നതിന് നടപടി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഏവിയേഷൻ ട്രെയിനിംഗ് സെന്റർ സർക്കാർ ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നറിയിക്കുമോ?

ഉത്തരം

(എ)&(ബി) ഈ സ്ഥാപനം ഇപ്പോൾ തന്നെ സർക്കാർ നിയന്ത്രണത്തിലുള്ള ഒരു കമ്പനിയാണ്. ഏറ്റെടുക്കേണ്ട ആവശ്യമില്ല.

(3) വൈകി കിട്ടിയ ഉത്തരങ്ങൾ

235 (2300) പഞ്ചിംഗ് സിസ്റ്റം

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ഓഫീസുകളിൽ പഞ്ചിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) അതിനുവേണ്ടി എന്തെല്ലാം പ്രത്യേക ഏർപ്പാടുകൾ ചെയ്യേണ്ടതായി വന്നു.

(സി) ഈ സിസ്റ്റം ഏർപ്പെടുത്തുന്നതിനുവേണ്ടി എത്ര പഞ്ചിംഗ് മെഷീൻ വാങ്ങി; അതിനുവേണ്ടി എന്തു തുക ചെലവായി;

(ഡി) കമ്മീഷൻ വിളിച്ച ശേഷമാണോ ഈ യന്ത്രം വാങ്ങിയത് അല്ലെങ്കിൽ കാരണമെന്ത്;

(ഇ) പഞ്ചിംഗിനു വേണ്ടി എത്ര ജീവനക്കാരെ നിയമിച്ചു?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇപ്പോൾ സെക്രട്ടേറിയറ്റിലെ അനക്സ് ബിൽഡിംഗിൽ പഞ്ചിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. ഘട്ടംഘട്ടമായി മറ്റാഫീസുകളിൽ ഏർപ്പെടുത്തുന്നതാണ്.

(ബി) സെക്രട്ടേറിയറ്റിൽ ഇതിനായി പഞ്ചിംഗ് മെഷീനുകൾ സ്ഥാപിക്കുകയും ജീവനക്കാർക്ക് ഐഡന്റിറ്റി കാർഡുകൾ വിതരണം ചെയ്യുകയും ഒരു കംപ്യൂട്ടർ സ്ഥാപിക്കുകയും ഉണ്ടായി.

(സി) സർക്കാർ ആഫീസുകളിൽ ഒന്നാംഘട്ടം അറ്റന്റൻസ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന് ആവശ്യമായിവരുന്ന 72 പഞ്ചിംഗ് മെഷീനുകൾ, കമ്പ്യൂട്ടറുകൾ മറ്റനുബന്ധ ഉപകരണങ്ങൾ, സോഫ്റ്റ്വെയർ ഇൻസ്റ്റലേഷൻ ചാർജ് എന്നിവയ്ക്കായി മൊത്തം 41,78,024 രൂപയ്ക്കുള്ള ഓർഡർ കെൽട്രോണിന് നൽകിയിട്ടുണ്ട്.

(ഡി) അല്ല. അറ്റന്റൻസ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിൽ വരുത്തുന്നതിന്റെ മുന്നോടിയായി ഇക്കാര്യത്തിൽ യുക്തമായ ഉപദേശം ലഭ്യമാക്കുന്നതിനായി ഒരു സാങ്കേതിക സമിതിയെ നിയോഗിച്ചിരിന്നു. പ്രസ്തുത സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് യന്ത്രസംവിധാനം സ്വായത്തമാക്കുന്നതിനുള്ള ഉത്തരവ് നൽകിയിട്ടുള്ളത്.

(ഇ) പഞ്ചിംഗിനു വേണ്ടി സെക്രട്ടേറിയറ്റിൽ ഒരു അസിസ്റ്റന്റിനെ തസ്തിക പുനർവിന്യാസം വഴി നിയമിച്ചു.

236 (2301) പഞ്ചിംഗ് സമ്പ്രദായം

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ മെയിൻ ബിൽഡിംഗിനെ പഞ്ചിംഗിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ ഓഫീസുകൾ സെക്രട്ടേറിയറ്റിലെ മെയിൻ ബിൽഡിംഗിലാണോ പ്രവർത്തിക്കുന്നത്;

(സി) തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ പഞ്ചിംഗ് സമ്പ്രദായം നിലവിലുണ്ടോ; ആർക്കെല്ലാമാണ് പഞ്ചിംഗ് ബാധകമാക്കിയിട്ടുള്ളത്;

(ഡി) ഗവൺമെന്റ് പ്രസ്സിലെ എന്തെങ്കിലും വിഭാഗത്തെ നിലവിലുള്ള പഞ്ചിംഗിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ ആരെയെല്ലാമാണ് ഒഴിവാക്കിയിട്ടുള്ളത്;

(എഫ്) ഇതിനുള്ള കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ ഓഫീസുകൾ സെക്രട്ടേറിയറ്റിലെ മെയിൻ കെട്ടിടത്തിലും അനക്സ് കെട്ടിടത്തിലും പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly